# ദേശീയ കർഷക സമരം ആറ് മാസം പിന്നിടുന്നു



**കേന്ദ്രത്തിന്റെ** കാർഷിക നിയമങ്ങൾക്കെതിരെ ദില്ലിയിൽ കർഷക സമരം ആരംഭിച്ചിട്ട് ആറു മാസം പിന്നിട്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം നവംബർ 25, 26 തീയതികളിലാണ് തലസ്ഥാനാതിർത്തികളിൽ വലിയ രീതിയിലുള്ള പ്രതിഷേധങ്ങളുമായി ആയിരക്കണക്കിനാളുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി എത്തിയത്. ബാരിക്കേഡുകൾ തകർത്തും ലാത്തിക്കടിയേറ്റും കണ്ണീർ വാതകങ്ങൾ പ്രയോഗിക്കപ്പെട്ടും ഈ നിയമങ്ങൾക്കെതിരെ വ്യാപകമായ പ്രതിഷേധങ്ങളാണ് രാജ്യമെങ്ങും ഉയർന്നുവന്നത്. ടാക്ടറുകളിലും ട്രോളികളിലുമായെത്തിയ ആയിരക്കണക്കിന് കർഷകർ ഉത്തർപ്രദേശിലെ ഘാസിപ്പൂരിലും ഹരിയാനയിലെ തിക്രി, സിഘു എന്നീ അതിർത്തികളിലുമായി തടിച്ചുകൂടി. സമരം ആറ് മാസം പിന്നിടുന്നതിന്റെ ഭാഗമായി നിരവി കർഷകരും പ്രതിഷേധക്കാരും വീടുകളിൽ കറുത്ത പതാകകൾ ഉയർത്തി.

ശിരോമണി അകാലിദൾ പാർട്ടിയുടെ തലവൻ സുഖ്ബീർ സിംഗ് ബാദൽ, ആം ആദ്മി പാർട്ടി നേതാവ് ഹർപാൽ സിംഗ് ചീമ എന്നിവരുൾപ്പെടെ നിരവധി പേരാണ് ഈ പ്രതിഷേധത്തിന് പിന്തുണയുമായി എത്തിയത്. കർഷകരുടെ ആവശ്യങ്ങൾ അംഗീകരിക്കണമെന്നും കാർഷിക നിയമങ്ങൾ പൂർണ്ണമായും പിൻവലിക്കണമെന്നും ശിരോമണി അകാലിദൾ നേതാക്കൾ വീണ്ടും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

പഞ്ചാബിലെയും ഹരിയാനയിലെയും ചില പ്രദേശങ്ങളിൽ കർഷകർ പ്രതിഷേധ മാർച്ചുകൾ നടത്തുകയും കറുത്ത പതാകകൾ ഉയർത്തിക്കൊണ്ട് കേന്ദ്രത്തിനെതിരെ മുദ്രാവാക്യം വിളിക്കുകയും ചെയ്യുകയുണ്ടായി. ദില്ലി-ഹരിയാന അതിർത്തികളിലെ സിഘു, തിക്രി എന്നിവിടങ്ങളിൽ കർഷകർ ദിവസങ്ങളോളം തടിച്ചുകൂടി വിവിധ രീതിയിലുള്ള പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. സിഘു, ഖാസിപൂർ, അമൃത്സർ തുടങ്ങിയ അതിർത്തി പ്രദേശങ്ങളിൽ കർഷകരുടെ നേതൃത്യത്തിൽ പ്രധാനമന്ത്രിയുടെ കോലങ്ങൾ കത്തിച്ചു. കോവിഡ് പ്രതിസന്ധി രൂക്ഷമായതിനെത്തുടർന്ന് കൂട്ടം ചേർന്നുള്ള പ്രതിഷേധങ്ങൾ ഒഴിവാക്കി, എവിടെയാണോ ഇരിക്കുന്നത് അവിടങ്ങളിൽ ഇരുന്നുതന്നെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാനാണ് സമരനേതൃത്വം കർഷകരോട് ആവശ്യപ്പെട്ടിരുന്നത്. എന്നിരുന്നാലും, ദേശീയ തലസ്ഥാനത്തിന്റെ അതിർത്തികളിൽ പ്രതിഷേധിക്കുന്നവരോടൊപ്പം അണിചേരാൻ നിരവധി കർഷകർ ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നും ദില്ലിയിലേക്ക് എത്തിയിരുന്നു. കർഷകർ ദില്ലിയിൽ ഒത്തുകൂടുന്നത് തടയണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഒരു ഹർജി സമർപ്പിക്കപ്പെട്ടിരുന്നെങ്കിലും അത് പരിശോധിക്കാൻ ഹൈക്കോടതി വിസമ്മതിച്ചു.■